## സത്യവിശ്വാസസംരക്ഷകൻ

# പരിശുദ്ധ പൗലോസ് മോർ അത്താനാസ്യോസ് തിരുമേനി

**ഷെവ. കെ. വി. പൗലോസ് M.A. B.Ed.**



**ആ**കമാന സിറിയൻ ഓർത്തഡോക്സ് സഭയുടെ തലവനായ പരിശുദ്ധ പാത്രിയർക്കീസ് ബാവ അനുഗ്രഹിച്ച് നൽകുന്ന ഏറ്റവും ഉന്നതപദവിയായ 'സത്യവിശ്വാസ സംരക്ഷകൻ' എന്ന അപരാഭിധാനത്താൽ പ്രകീർത്തിതനായ അഭിവന്ദ്യ പൗലോസ് മോർ അത്താനാസ്യോസ് തിരുമേനിയെ പരിശുദ്ധനായി സഭാതലവൻ അംഗീകരിച്ച് ആദരിച്ചത് 2004– നെ അനുസ്മരണീയമാക്കിത്തീർത്തിരിക്കുന്നു. തൽഫലമായി 2004 ആഗസ്റ്റ് 20–ാം തീയതി മോർ സാബോർ അഫ്രോത്ത് പിതാക്കന്മാരുടെ അനുഗ്രഹീത സാന്നിദ്ധ്യം അനുഭവപ്പെടുന്ന നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിനടുത്തുള്ള, അകപ്പറമ്പ് പള്ളിയിൽ വച്ച് ശ്രേഷ്ഠ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവ, വി. സഭയിലെ മെത്രാപ്പോലീത്താമാരുടെയും നൂറുകണക്കിന് വൈദികരുടെയും ആയിരക്കണക്കിന് ഭക്തജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ തികച്ചും ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ പ്രഖ്യാപനം ചെയ്തത് ഭക്തജനസഹസ്രങ്ങളുടെ ചിരകാലാഭിലാഷത്തിന്റെ സാക്ഷാൽക്കാരമായിരുന്നു. നാടും നഗരവും ആ പ്രഖ്യാപനം അതേപടി ഹൃദയത്തിലേറ്റുവാങ്ങി ഭക്തജനങ്ങൾ ഹർഷാശ്രുബിന്ദുക്കളോടെയാണ് ആ പ്രഖ്യാപനത്തെ വരവേറ്റത്. അവർ മനസ്സുകൊണ്ടും ഹൃദയം കൊണ്ടും നേരത്തെ തന്നെ ആ പുണ്യശ്ലോകനെ പരിശുദ്ധനെന്ന നിലയിൽ അംഗീകരിച്ചുകഴിഞ്ഞതാണല്ലോ. അനുഭവങ്ങൾ ഏറെയുണ്ടല്ലോ. അവരുടെ മനസ്സിന്റെ ചെപ്പിൽ നിന്ന് പുറത്തെടുത്ത് താലോലിക്കുവാനും സർവ്വശക്തനായ ദൈവത്തിന് നന്ദി കരേറ്റുവാനും മുസ്ലീം സഹോദരങ്ങൾക്ക് ആലുവായിലെ വലിയതിരുമേനി 'മുനിശ്രേഷ്ഠ'നായിരുന്നു. ഹൈന്ദവർക്കാണെങ്കിൽ പർണ്ണശാലയിൽ നോമ്പും വ്രതവുമായി കഴിയുന്ന മഹർഷി ലളിതമായ ജീവിതം കൊണ്ടും ഉദാത്തമായ ചിന്തകൊണ്ടും വഴിഞ്ഞൊഴുകുന്ന വാത്സല്യതിരേകം കൊണ്ടും വ്രതശു

ദ്ധിയാർന്ന ജീവിതചര്യ കൊണ്ടും അദ്ദേഹം ഏവർക്കും സമാദരണീയനായിരുന്നു. അർദ്ധാസനം നൽകി ബഹുമാനിക്കുവാൻ സഭാതലവന് തോന്നത്തക്കവിധം സൂര്യശോഭയോടെ വിളങ്ങിയ അത്യുജ്ജ്വലതേജസ്സായിരുന്നു പൗലോസ് മോർ അത്താനാസ്യോസ് വലിയതിരുമേനി.

പരിശുദ്ധനായ വലിയതിരുമേനി തണ്ടിന്മേൽവച്ച വിളക്കുതന്നെ.

ഗുരുവും ശിഷ്യനും പരിശുദ്ധന്മാരായി പ്രഖ്യാപിക്കപ്പെടുകയും സർവ്വരാലും അംഗീകരിക്കപ്പെടുകയും ചെയ്യുക എന്നത് ചരിത്രത്തിൽ അത്യപൂർവമാണ്. പൈനാടത്ത് കുറ്റിക്കാട്ടിൽ കൊച്ചുപൗലോസ് ശെമ്മാശൻ ഗുരുവെന്ന നിലയിൽ ബഹുമാനിച്ചിരുന്ന മഹദ് വ്യക്തിയാണ് പരിശുദ്ധനായ ചാത്തുരുത്തിൽ മോർ ഗ്രീഗോറിയോസ് തിരുമേനി. പരിശുദ്ധനായ ആ തിരുമേനി കൊച്ചുപൗലോസ് ശെമ്മാശന്റെ ജീവൻ മുട്ടിപ്പായ പ്രാർത്ഥനയിലൂടെ ഉടയതമ്പുരാനോട് ചോദിച്ചുവാങ്ങി വി. സഭയ്ക്ക് ൽകിയതാണ്. വൈദികസ്ഥാനത്തേക്കും റമ്പാൻ സ്ഥാനത്തേക്കും തന്റെ പ്രിയ ശിഷ്യനെ കൈപിടിച്ച് കയറ്റിയതും പരിശുദ്ധനായ പരുമലതിരുമേനി തന്നെയാണ്. റമ്പാനെന്ന നിലയിൽ സഭാശുശ്രൂഷ നിർവഹിക്കവേയാണ് അദ്ദേഹത്തെ പരിശുദ്ധ പരുമലതിരുമേനി പരുമല പള്ളിയുടെ നിർമ്മാണച്ചുമതലയേല്പിച്ചത്. വന്ദ്യ കൊച്ചുപൗലോസ് റമ്പാച്ചൻ ആ ചുമതല ഭംഗിയായി നിറവേറ്റി മെത്രാന്മാർക്കല്ലാതെ ഒരു ദയറായൂസോയ്ക്ക് ആവശ്യമില്ലാത്ത പട്ടംകൊടപുസ്തകവും പത്രസീനും ശീലമുടിയും കൊച്ചുപൗലോസ് റമ്പാച്ചന് പരിശുദ്ധ പരുമലതിരുമേനി നൽകിയത് അദ്ദേഹത്തിന്റെ ക്രാന്തദർശിത്വം കൊണ്ടാണ്. ഭാവിയിൽ ഈ റമ്പാച്ചൻ ഒരു മെത്രാപ്പോലീത്തായെന്ന നിലയിൽ സഭാശുശ്രൂഷ നിർവഹിക്കുമെന്ന് പരിശുദ്ധനായ പരുമലതിരുമേനി മുമ്പേ തന്നെ കണ്ടറിഞ്ഞിരുന്നു എന്നുള്ളത് വ്യക്തമാണ്. വന്ദ്യ വലിയ പൗലോസ് റമ്പാച്ചൻ (പിന്നീട് തൊഴുപ്പാടൻ കൊച്ചുപറമ്പിൽ പൗലോസ് മോർ കൂറീലോസ് തിരുമേനി) ഗുരുവെന്ന നിലയിലാണ് പരിശുദ്ധ പരുമല തിരുമേനിയെ കണ്ടിരുന്നത്. പൗലോസ് മോർ അത്താനാസ്യോസ് തിരുമേനിയാകട്ടെ കൊച്ചുപറമ്പിൽ മോർ കൂറീലോസ് തിരുമേനിക്ക് സഹോദരമെത്രാപ്പോലീത്തായുമായിരുന്നു.

പരിശുദ്ധമാനസരായ ഈ മൂന്നു തിരുമേനിമാരും പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോട് തികഞ്ഞ കൂറും ഭക്തിയും വിധേയത്വവും ആയുരാന്ത്യം വരെ പ്രകടിപ്പിച്ചവരാണ്. പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായ്ക്ക് വിധേയത്വസൂചകമായ ശൽമൂസ എഴുതിക്കൊടുത്ത് ആ വിശ്വാസപ്രഖ്യാപനത്തിൽ നിന്ന് അണുവിട മാറാതെ സത്യവിശ്വാസവും അഭംഗുരം പാലിച്ച മഹദ് വ്യക്തിയാണ് പരിശുദ്ധനായ ചാത്തുരുത്തിൽ മോർ ഗ്രീഗോറിയോസ് തിരുമേനി. പരിശുദ്ധ അബ്ദള്ളാ ദ്വിതീയൻ പാത്രിയർക്കീസ് ബാവായ്ക്ക്, ആവശ്യപ്പെട്ടപ്പോൾ വിധേയത്വസൂചകമായ ശൽമൂസ യാതൊരു വിസമ്മതവും പ്രകടിപ്പിക്കാതെ എഴുതിക്കൊടുത്ത് സത്യവിശ്വാസം പരിരക്ഷിച്ച സൗമ്യനും ശാന്തനും ഭക്താഗ്രേസരനുമായ സഭാപിതാവാണ് പരി. കൊച്ചുപറമ്പിൽ മോർ കൂറീലോസ് തിരുമേനി. പൗലോസ് മോർ അത്താനാസ്യോസ് തിരുമേനിയാകട്ടെ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ട സന്ദർഭത്തിൽ ശൽമൂസ എഴുതിക്കൊടുത്ത് സത്യവിശ്വാസസംരക്ഷകൻ എന്ന ഉന്നതപദവിക്കർഹനായ മഹദ് വ്യക്തിയാണ്.

പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ പ്രൈവറ്റ് സെക്രട്ടറിയും ദ്വിഭാഷിയുമായി പ്രവർത്തിച്ച പരിശുദ്ധ മാനസനാണ് ചാത്തുരുത്തിൽ മോർ ഗ്രീഗോറിയോസ് തിരുമേനി. അന്ന് അദ്ദേഹം റമ്പാനായി സഭാശുശ്രൂഷ നടത്തിവരുകയായിരുന്നു.

1869 ജനുവരി 23–ന് പൈനാടത്ത് കുറ്റിക്കാട്ട് കുടുംബത്തിൽ ഭൂജാതനായ കൊച്ചുപൗലോസ് ദൈവവേലയ്ക്കായി സ്വയം സമർപ്പിക്കുകയും ദയറായൂസോ ആയിത്തീരുകയും ചെയ്തു. സഭാശുശ്രൂഷ നിറപടിയായി നിർവ്വഹിക്കുകയും ചെയ്തുവരവേയാണ് മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് അവരോധിക്കപ്പെട്ടത്. 1910 ജൂൺ 9–ന് മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ട പൗലോസ് മോർ അത്താനാസ്യോസ് തിരുമേനി തൊഴുപ്പാടൻ കൊച്ചുപറമ്പിൽ പൗലോസ് മോർ കൂറിലോസ് തിരുമേനി കാലം ചെയ്തതിനു ശേഷം മലങ്കര മെത്രാപ്പോലീത്തയായി 1918–ൽ തെരഞ്ഞെടുക്കപ്പെടുകയും മലങ്കര മെത്രാപ്പോലീത്ത എന്ന നിലയിൽ സഭയ്ക്ക് സുധീരനേതൃത്വം നൽകുകയും ചെയ്തു. 1953 ജനുവരി 25–ാം തീയതി വെളുപ്പിന് 3.55ന് കർത്തൃസന്നിധിയിലെത്തിച്ചേർന്ന പരിശുദ്ധ പൗലോസ് മോർ അത്താനാസ്യോസ് തിരുമേനി ഇന്നും ഭക്തജനഹൃദയങ്ങളിൽ സ്നേഹാഗ്നി ജ്വലിപ്പിച്ചുകൊണ്ട് ജീവിക്കുന്നു.

*Source:* വിശ്വാസസംരക്ഷകൻ
*July 2005 issue*